# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.833** **28.04.2017-ൽ മറുപടിയ്ക്ക്**

## മലയോര ഹൈവേ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്,**<br>**,, എസ്.രാജേന്ദ്രൻ**<br>**,, കെ.വി.വിജയദാസ്**<br>**,, കാരാട്ട് റസാഖ്:** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം നടത്തിയ മലയോര ഹൈവേ നിർമ്മാണ പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കേരളത്തിലെ മലയോര ഹൈവേ നിർമ്മാണത്തിനായി NATPAC മുഖേന പഠനം നടത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ G.O(Ms)44/09/PWD dated 6/07/2009 പ്രകാരം 1195 കി.മീ. ദൈർഘ്യമുള്ള NATPAC നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23.11.2016-ൽ കൂടിയ യോഗതീരുമാനമനുസരിച്ച് മലയോര ഹൈവേ സംബന്ധിച്ച് നാട്പാക് ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി പ്രായോഗികമായി ഏറ്റെടുക്കാവുന്ന ഭാഗങ്ങൾ ഘട്ടം ഘട്ടമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് മലയോര ഹൈവേ സംബന്ധിച്ച് നാട്പാക് ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന |

നടത്തുകയും, ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ഏറ്റെടുത്ത് ചെയ്യുവാനുള്ള ഭാഗങ്ങളെ സംബന്ധിച്ച് നാട്പാക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇതനുസരിച്ച് ഒന്നാം ഘട്ടത്തിൽ 121.90 കി.മീ. റോഡും, രണ്ടാം ഘട്ടത്തിൽ 287.69 കി.മീ. റോഡും, മൂന്നാം ഘട്ടത്തിൽ 368.61 കി.മീ. റോഡും വികസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതു കൂടാതെ നിലവിലുള്ള റോഡുകളിൽ 213.04 കി.മീ. ഭാഗം ഓവർലേ ചെയ്യുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

മലയോര ഹൈവേ അലൈൻമെന്റിൽ വരുന്ന കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോടുവരെയുള്ള 59.415 കി.മീ ഭാഗത്തിന് 237.20 കോടി രൂപയ്ക്ക് ഭരണാനുമതിയും, 205.00 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെന്റർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ നല്ല രീതിയിൽ പുരോഗമിച്ചുവരികയാണ്. കാസർഗോഡ് ജില്ലയിൽ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മി. ഭാഗം സർക്കാർ ഉത്തരവ് നം.109/2017/പൊ.മ.വ തീയതി 25/01/2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മലയോര ഹൈവേ യാഥാർത്ഥ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ അവശേഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഹൈവേയുടെ നിർദ്ദിഷ്ട അലൈൻമെന്റിൽ വനമേഖലയോ, പരിസ്ഥിതി ദുർബല പ്രദേശമോ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർദ്ദിഷ്ട അലൈൻമെന്റിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) & (സി) മലയോരഹൈവേയ്ക്കു വേണ്ടി 23.11.2016-ൽ ചേർന്ന യോഗത്തിൽ മലയോരഹൈവേയ്ക്കായി 12 മീറ്റർ വീതിയിൽ റൈറ്റ് ഓഫ് വേയും, 7 മീറ്റർ വീതിയിൽ ക്യാരേജ് വേയും ഉറപ്പാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെന്ന് തീരിമാനിക്കുകയുണ്ടായി. എന്നാൽ മലയോര ഹൈവേയു അലൈൻമെന്റിൽപ്പെട്ട പല ഭാഗങ്ങളും കുറഞ്ഞ വീതിയുള്ളതാണ്. ഇത്തരം ഭാഗങ്ങളിൽ ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ, NATPAC അധികൃതർ എന്നിവരോടൊപ്പം ചേർന്ന് സംയുക്ത പരിശോധന നടത്തി ഫ്രീ സറണ്ടറായി ലഭിക്കാവുന്ന ഭാഗങ്ങൾ തെരഞ്ഞെടുത്ത് മലയോര ഹൈവേ പ്രായോഗികമായി നിർമ്മിക്കാവുന്ന മുൻഗണനാ ക്രമത്തിൽ റിപ്പോർട്ട് നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചു വരുന്നു.

വയനാട് - കോഴിക്കോട് ജില്ലയിൽപ്പെട്ട കുങ്കിച്ചിറ — പാലുവായ് (6 കി.മീ), വയനാട് - മലപ്പുറം ജില്ലകളിൽ കൂടി കടന്നുപോകുന്ന അരുണാംപുഴ — തമ്പുരാട്ടിക്കല്ല് (8 കി.മീ.) എന്നീ ഭാഗങ്ങൾ വനപ്രദേശങ്ങളിൽ കൂടി കടന്നുചെല്ലുന്ന റോഡുകളാണ്. ഈ പ്രദേശങ്ങളിൽ മലയോര ഹൈവേയ്ക്കായി നിർദ്ദിഷ്ട വീതിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനായി വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്.

| | | | |
|---|---|---|---|
| | | | കോഴിക്കോട് ജില്ലയിൽ മലയോര ഹൈവേയ്ക്കായി NATPAC തയ്യാറാക്കി-യിരുന്നതും സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ അലൈൻമെന്റിൽ ചില ഭാഗങ്ങൾ യഥാർത്ഥ മലയോര പ്രദേശത്തുകൂടി കടന്നുചെല്ലുന്നവയല്ല എന്ന അപാകത പരിഹരിച്ച് മലയോര ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ അലൈൻമെന്റ് ക്രമീകരിക്കണമെന്ന് ജനപ്രതിനിധികൾ ആവശ്യപ്പെട്ടതനുസരിച്ച് സംയുക്ത പരിശോധന നടത്തി സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് ഉൾപ്പെടുന്ന റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | മലയോര ഹൈവേ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | ബഡ്ജറ്റിൽ വകയിരുത്തിയ കിഫ്ബി ഫണ്ട് ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ